# 244/23-M

ചോദ്യ പുസ്തക ക്രമനമ്പർ

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 90 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. 1857-ലെ വിപ്ലവവുമായി ബന്ധപ്പെട്ട നേതാക്കന്മാരും അവർ വിപ്ലവം നയിച്ച സ്ഥലങ്ങളുമാണ് നല്കിയിരിക്കുന്നത്. ഇവയെ ശരിയായ രീതിയിൽ ക്രമീകരിക്കുക.

   1. നാനാസാഹിബ് – A. ലക്നൗ
   2. മൗലവി അഹമ്മദുള്ള – B. ആര
   3. കൺവർസിംഗ് – C. കാൺപൂർ
   4. ബീഗം ഹസ്രത്ത് മഹൽ – D. ഫൈസാബാദ്

   A) 1 – D, 2 – A, 3 – B, 4 – C
   B) 1 – B, 2 – C, 3 – D, 4 – A
   C) 1 – C, 2 – D, 3 – B, 4 – A
   D) 1 – C, 2 – B, 3 – D, 4 – A

2. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തവ ഏതെല്ലാം ?

   1. ഗാന്ധിജി ഇന്ത്യയിൽ ആരംഭിച്ച ആദ്യ സത്യാഗ്രഹം ഖേദ ആയിരുന്നു.
   2. 1922-ലെ ചൗരിചൗര സംഭവത്തെ തുടർന്ന് ഗാന്ധിജി നിസഹകരണ പ്രസ്ഥാനം നിർത്തി വച്ചു.
   3. ഗാന്ധിജി ഇന്ത്യയെ പ്രതിനിധീകരിച്ച് മൂന്നു വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്തു.
   4. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1920-ലെ സമ്മേളനം നടന്നത് നാഗ്പൂരിലാണ്.

   A) 1 ഉം 4 ഉം
   B) 1 ഉം 3 ഉം
   C) 2 ഉം 4 ഉം
   D) 2 ഉം 3 ഉം

3. കേരളത്തിലെ ആദ്യത്തെ റെയിൽപാത ഏത് ?

   A) എറണാകുളം – പാലക്കാട്
   B) കൊല്ലം – ആലപ്പുഴ
   C) കൊല്ലം – പുനലൂർ
   D) ബേപ്പൂർ – തിരൂർ

4. 'ആന്ധ്ര കേസരി' എന്നറിയപ്പെടുന്നതാര് ?

   A) കെ. കേളപ്പൻ
   B) ടി. പ്രകാശം
   C) പോറ്റി ശ്രീരാമലു
   D) കെ. പി. കേശവമേനോൻ

5. 'ഒലിവ് ബ്രാഞ്ച് പെറ്റീഷൻ' എന്നറിയപ്പെടുന്ന നിവേദനം ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ഫ്രഞ്ചു വിപ്ലവം
B) റഷ്യൻ വിപ്ലവം
C) രക്തരഹിത വിപ്ലവം
D) അമേരിക്കൻ സ്വാതന്ത്ര്യസമരം

6. ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറലായ അന്റോണിയോ ഗുട്ടെറസ് ഏതു രാജ്യക്കാരനാണ് ?

A) സ്പെയിൻ
B) ഫ്രാൻസ്
C) പോർച്ചുഗീസ്
D) മലേഷ്യ

7. അന്തരീക്ഷ പാളിയായ ട്രോപ്പോസ്ഫിയറിനെക്കുറിച്ച് താഴെ തന്നിരിക്കുന്ന ഏതെല്ലാം വാചകങ്ങൾ ശരിയാണ് ?

i. ഈ പാളിയിൽ ഊഷ്മാവ് ഓരോ 165 മീറ്ററിനും 1 °C എന്ന തോതിൽ മുകളിലോട്ടു പോകുമ്പോൾ കുറയുന്നു.
ii. അന്തരീക്ഷത്തിന്റെ ഏറ്റവും താഴെയുള്ള പാളി.
iii. ഉയരം 15 മുതൽ 50 കി. മീറ്റർ വരെ.
iv. ഈ മേഖലയിലാണ് ഓസോൺ പാളി കാണപ്പെടുന്നത്.

A) i & iv
B) i & ii
C) ii & iv
D) iii & iv

8. താഴെ തന്നിരിക്കുന്നവയിൽ നിന്നും പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ തിരഞ്ഞെടുക്കുക.

i. ആണവോർജ്ജം
ii. പ്രകൃതിവാതകം
iii. സൗരോർജ്ജം
iv. ജൈവതാപോർജ്ജം

A) i & iv
B) i & ii
C) ii & iii
D) iii & iv

9. കൊല്ലം മുതൽ കോട്ടപ്പുറം വരെ നീണ്ടു കിടക്കുന്ന കേരളത്തിലെ പ്രധാന ജലപാതയേത് ?

A) NW 1
B) NW 2
C) NW 3
D) NW 4

10. മൺസൂൺ വനങ്ങൾ എന്നറിയപ്പെടുന്ന ഇന്ത്യയിലെ ഏറ്റവും വ്യാപകമായി കാണപ്പെടുന്ന വനങ്ങൾ

A) ഉഷ്ണമേഖലാ ഇലപൊഴിയും വനങ്ങൾ

B) ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ

C) പർവ്വതവനങ്ങൾ

D) കടലോര ചതുപ്പുനില വനങ്ങൾ

11. ബംഗാളിലും ആസ്സാമിലും വൈകുന്നേരങ്ങളിൽ രൂപപ്പെടുന്ന ശക്തമായ ഇടിമിന്നലോടുകൂടിയ കൊടുങ്കാറ്റ്

A) ലൂ

B) മാംഗോ ഷവർ

C) ബ്ലോസം ഷവർ

D) നോർവെസ്റ്റർ

12. ഇന്ത്യയിൽ ആദ്യമായി മെട്രോ സർവ്വീസ് ആരംഭിച്ച നഗരം

A) ന്യൂഡെൽഹി

B) കൊൽക്കത്ത

C) ചെന്നൈ

D) മുംബൈ

13. ഉപഭോക്താവിന്റെ സന്തുലിതാവസ്ഥ ഉണ്ടാകുന്നത്

A) ബജറ്റ് ലൈനിൽ

B) നിസംഗതാ വക്രത്തിൽ

C) ബജറ്റ് ലൈനും നിസംഗതാവക്രവും കൂട്ടിമുട്ടുന്ന ബിന്ദുവിൽ

D) ചോദന വക്രത്തിൽ

14. ആസ്തികളിൽ ഏറ്റവും ലിക്വിഡായ രൂപം

A) സ്വർണ്ണം

B) ഭൂമി

C) പണം

D) കെട്ടിടം

15. ഒരു വ്യക്തിയുടെ വരുമാനം ഇതിൽ ഏതാണ് ?

A) പൂജ്യം

B) പോസിറ്റീവ്

C) നെഗറ്റീവ്

D) ഇവയെല്ലാം

16. ഉല്പാദന ഘടകങ്ങളുടെ ഡിമാന്റ് ഏതാണ് ?

A) ഡയറക്റ്റ് ഡിമാന്റ്

B) ഡിറൈവിഡ് ഡിമാന്റ്

C) ഡിമാന്റ്

D) ഇവയെല്ലാം

17. കേന്ദ്രബാങ്ക് വാണിജ്യ ബാങ്കുകൾക്ക് വായ്പ നൽകുമ്പോൾ ഈടാക്കുന്ന പലിശ

A) ബാങ്ക് നിരക്ക്

B) മോറൽസുവേഷൻ

C) ഡയറക്റ്റ് ആക്ഷൻ

D) സി. ആർ. ആർ.

18. ഇന്ത്യയുടെ ദേശീയ വരുമാനം കണക്കാക്കുമ്പോൾ ഒഴിവാക്കുന്നത്

A) വാടക

B) ലാഭം

C) വീട്ടമ്മമാരുടെ സേവനം

D) വേതനം

19. ചുവടെ ചേർക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

i. 73-ാം ഭേദഗതി പഞ്ചായത്ത് രാജ് സംവിധാനവുമായി ബന്ധപ്പെട്ടുള്ളതാണ്.

ii. 74-ാം ഭേദഗതി നഗരപാലികാ സമ്പ്രദായവുമായി ബന്ധപ്പെട്ടുള്ളതാണ്.

iii. നെഹ്രു, അംബേദ്കർ തുടങ്ങിയവർ തദ്ദേശസ്ഥാപനങ്ങളെ അനുകൂലിച്ചിരുന്നു.

A) Only (i and iii)

B) Only (ii and iii)

C) All of the above (i, ii and iii)

D) Only (i and ii)

20. 73-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?

i. ത്രിതല ഭരണസമ്പ്രദായം പ്രാദേശികതലത്തിൽ പ്രദാനം ചെയ്യുന്നു.

ii. ജില്ലാ പഞ്ചായത്താണ് മേൽ ഘടകം.

iii. എല്ലാ സംസ്ഥാനങ്ങളിലും ത്രിതല തദ്ദേശീയ ഭരണസംവിധാനം അത്യന്താപേക്ഷിതമാണ്.

A) Only (i and ii)

B) Only (ii and iii)

C) All of the above (i, ii and iii)

D) Only (i and iii)

21. ചുവടെ ചേർക്കുന്ന പ്രസ്താവനകളിൽ ശരിയേത് ?

i. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് അമ്പത് ശതമാനം സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു.

ii. ജനസംഖ്യാനുപാതികമായ സംവരണം SC, ST വിഭാഗങ്ങൾക്ക് നൽകുന്നു.

iii. ആവശ്യമെങ്കിൽ സംസ്ഥാനങ്ങൾക്ക് OBC വിഭാഗത്തിനും സംവരണം നല്കാവുന്നതാണ്.

A) Only (i and iii)

B) Only (i and ii)

C) Only (ii and iii)

D) All of the above (i, ii and iii)

22. ചുവടെ ചേർക്കുന്ന പ്രസ്താവനകളിൽ ശരിയേത് ?

i. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്.

ii. സംസ്ഥാന നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്.

iii. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് സ്വതന്ത്ര അധികാരങ്ങളുണ്ട്.

A) Only (i and ii)

B) Only (ii and iii)

C) Only (i and iii)

D) All of the above (i, ii and iii)

23. ചുവടെ ചേർക്കുന്ന പ്രസ്താവനകളിൽ ശരിയേത് ?

i. സംസ്ഥാന ഗവൺമെന്റാണ് സംസ്ഥാന സാമ്പത്തിക കമ്മീഷനെ നിയമിക്കുന്നത്.

ii. സംസ്ഥാന സാമ്പത്തിക കമ്മീഷന്റെ കാലാവധി നാലു വർഷമാണ്.

iii. തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക നില പരിശോധിക്കുന്നത് സംസ്ഥാന സാമ്പത്തിക കമ്മീഷനാണ്.

A) All of the above (i, ii and iii)

B) Only (i and ii)

C) Only (ii and iii)

D) Only (i and iii)

24. ചുവടെ ചേർക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

   i. സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്.

   ii. സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായി ആലോചിച്ചാണ് പ്രസിഡന്റ് മറ്റു ജഡ്ജിമാരെ നിയമിക്കുന്നത്.

   iii. ജഡ്ജിമാരെ നിയമിക്കുന്നതിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകാറില്ല.

   A) Only (ii and iii)

   B) Only (i and ii)

   C) Only (i and iii)

   D) All of the above (i, ii and iii)

25. ജഡ്ജിമാരെ പുറത്താക്കുന്നതുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏതാണ് ?

   i. സുപ്രീം കോടതിയിലേയും ഹൈക്കോടതിയിലേയും ജഡ്ജിമാരെ പുറത്താക്കുന്നത് തെളിയിക്കപ്പെട്ട സ്വഭാവദൂഷ്യത്തിന്റെ അടിസ്ഥാനത്തിലാണ്.

   ii. ലോകസഭയിലേയും രാജ്യസഭയിലേയും കേവല ഭൂരിപക്ഷം പുറത്താക്കാൻ ആവശ്യമാണ്.

   iii. ലോകസഭയിലേയും രാജ്യസഭയിലേയും പ്രത്യേക ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലാണ് പുറത്താക്കുന്നത്.

   A) Only (i and ii)

   B) All of the above (i, ii and iii)

   C) Only (ii and iii)

   D) Only (i and iii)

26. റിട്ടുകളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏതാണ് ?

   i. സുപ്രീം കോടതിക്ക് മാത്രമേ റിട്ട് പുറപ്പെടുവിക്കാനുള്ള അധികാരമുള്ളൂ.

   ii. ഹൈക്കോടതിക്കും സുപ്രീം കോടതിക്കും റിട്ടുകൾ പുറപ്പെടുവിക്കാം.

   iii. പ്രധാനമായും അഞ്ച് റിട്ടാണുള്ളത്.

   A) All of the above (i, ii and iii)   B) Only (i and ii)

   C) Only (ii and iii)   D) Only (i and iii)

27. ചുവടെ ചേർക്കുന്ന പ്രസ്താവനകളിൽ ശരിയേത് ?

   i. സംസ്ഥാനത്തിനുള്ളിലെ കേസുകൾ പരിഗണിക്കുന്ന കോടതിയാണ് ഹൈക്കോടതി.

   ii. സുപ്രീം കോടതിയുടെ തീരുമാനം എല്ലാ കോടതികളും അംഗീകരിക്കുന്നു.

   iii. സുപ്രീം കോടതിക്ക് ഹൈക്കോടതി ജഡ്ജിമാരെ സ്ഥലം മാറ്റാൻ സാധിക്കും.

   A) Only (ii and iii)

   B) Only (i and iii)

   C) Only (i and ii)

   D) All of the above (i, ii and iii)

28. ഭരണഘടനാ ഭേദഗതികളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?

   i. 42-ാം ഭേദഗതി 'ചെറുഭരണ ഘടന' എന്നറിയപ്പെടുന്നു.

   ii. 44-ാം ഭേദഗതി പ്രകാരം വിദ്യാഭ്യാസം ഒരു മൗലിക അവകാശമാക്കി.

   iii. 45-ാം ഭേദഗതി സംവരണം പത്തു വർഷത്തേക്ക് കൂട്ടുകയുണ്ടായി.

   A) Only (i and iii)

   B) Only (i and ii)

   C) Only (ii and iii)

   D) All of the above (i, ii and iii)

29. കേരളത്തിലെ മന്ത്രിമാരും അവരുടെ വകുപ്പുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?

   i. വി. ശിവൻകുട്ടിയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി.

   ii. ആന്റണി രാജുവാണ് ഗതാഗത വകുപ്പ് മന്ത്രി.

   iii. എ. കെ. ശശീന്ദ്രനാണ് വനം വകുപ്പ് മന്ത്രി.

   A) All of the above (i, ii and iii)

   B) Only (ii and iii)

   C) Only (i and ii)

   D) Only (i and iii)

30. കേരള ഭരണകൂടവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?

i. ഇപ്പോഴത്തെ ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറാണ്.

ii. ഇരുപത്തിഒന്ന് അംഗ മന്ത്രിസഭയാണിപ്പോഴുള്ളത്.

iii. സ്പീക്കർ എ. എൻ. ഷംസീറിന്റെ തിരഞ്ഞെടുപ്പ് മണ്ഡലം തലശ്ശേരിയാണ്.

A) All of the above (i, ii and iii)

B) Only (i and ii)

C) Only (ii and iii)

D) Only (i and iii)

31. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയേത് ?

i. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉത്തർപ്രദേശ് സ്വദേശിയാണ്.

ii. മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിനിധീകരിക്കുന്നത് ധർമടം മണ്ഡലത്തെയാണ്.

iii. കോവളം മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുത്തത് എം. വിൻസന്റിനെയാണ്.

A) Only (i and ii)

B) Only (ii and iii)

C) Only (i and iii)

D) All of the above (i, ii and iii)

32. മനുഷ്യഹൃദയത്തെക്കുറിച്ചുള്ള ശരിയായ പ്രസ്താവനയേത് ?

A) മുകളിലത്തെ രണ്ട് അറകളിൽ ഒന്ന് ഇടത് എട്രിയം, മറ്റേത് വലത് എട്രിയം എന്നും താഴത്തെ രണ്ട് അറകളിൽ ഒന്ന് ഇടത് വെൻട്രിക്കിൾ, മറ്റേത് വലതു വെൻട്രിക്കിൾ എന്നും പറയുന്നു.

B) മുകളിലത്തെ രണ്ട് അറകളിൽ ഒന്ന് ഇടത് വെൻട്രിക്കിൾ, മറ്റേത് വലത് വെൻട്രിക്കിൾ എന്നും താഴത്തെ രണ്ട് അറകളിൽ ഒന്ന് ഇടത് എട്രിയം, മറ്റേത് വലത് എട്രിയം എന്നും പറയുന്നു.

C) ഇടതുവശത്ത് മുകളിൽ ഒരു വെൻട്രിക്കിളും താഴെ ഒരു എട്രിയവുമാണ്.

D) വലതുവശത്ത് മുകളിൽ ഒരു വെൻട്രിക്കിളും താഴെ ഒരു എട്രിയവുമാണ്.

33. 'വിലയേറിയ സമയം പാഴാക്കരുത്' എന്ന സന്ദേശം ബന്ധപ്പെട്ടിരിക്കുന്നത്

A) 2021-ലെ ലോക എയ്ഡ്സ്ദിന സന്ദേശം

B) 2021-ലെ ലോക പക്ഷാഘാതദിന സന്ദേശം

C) 2021-ലെ ലോക പരിസ്ഥിതിദിന സന്ദേശം

D) 2021-ലെ ലോക ആരോഗ്യദിന സന്ദേശം

34. താഴെപ്പറയുന്നതിൽ ഏതാണ് ഒരു വൈറസ് രോഗം ?

A) സന്നിപാത ജ്വരം

B) പുഴുക്കടി

C) നീർക്കെട്ട്

D) ജലദോഷം

35. 2021-ലെ വൈദ്യശാസ്ത്രത്തിനുള്ള നോബൽ പുരസ്കാരം എന്തിനാണ് ലഭിച്ചത് ?

A) രക്തത്തിലൂടെ പകരുന്ന ഹെപ്പറ്റൈറ്റിസ് – സി എന്ന മാരകരോഗമുണ്ടാക്കുന്ന വൈറസിനെ കണ്ടെത്തിയതിന്

B) ചൂടും, സ്പർശനവും വേദനയും തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട് നാഡീവ്യൂഹത്തിലെ സ്വീകരണികളെക്കുറിച്ചുള്ള പഠനത്തിന്

C) മനുഷ്യജീനോം പ്രോജക്ട് കണ്ടെത്തിയതിന്

D) ജീനുകളെ കൃത്രിമപരമായി നിർമ്മിച്ചതിന്

36. 'തയാമിൻ' എന്നറിയപ്പെടുന്ന ജീവകം ഏതാണ് ?

A) ജീവകം $B_2$

B) ജീവകം $B_6$

C) ജീവകം $B_{12}$

D) ജീവകം $B_1$

37. എന്താണ് 'യൂട്രോഫിക്കേഷൻ' ?

A) ജലാശയങ്ങളിൽ പോഷകഘടകങ്ങൾ വർദ്ധിക്കുക

B) ആഹാരശൃംഖലയിൽ വിഷാംശം കൂടിവരുക

C) അന്തരീക്ഷത്തിൽ ചൂടു കൂടുന്ന അവസ്ഥ

D) ഇവയൊന്നുമല്ല

38. ഒരു വസ്തുവിനെ നിശ്ചലമായി നിലനിർത്തുന്ന ഒരു ശക്തിയാണ് സ്ഥിതഘർഷണം. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

i. ഗതികഘർഷണം സമ്പർക്കത്തിലുള്ള പ്രതലങ്ങളുടെ പരപ്പളവിനെ ആശ്രയിക്കുന്നു. എന്നാൽ സ്ഥിതഘർഷണം ആശ്രയിക്കുന്നില്ല.

ii. ഗതികഘർഷണം സമ്പർക്കത്തിലുള്ള പ്രതലങ്ങളുടെ പരപ്പളവിനെ ആശ്രയിക്കുന്നില്ല. എന്നാൽ സ്ഥിതഘർഷണം ആശ്രയിക്കുന്നു.

iii. ഗതികഘർഷണവും സ്ഥിതഘർഷണവും സമ്പർക്കത്തിലുള്ള പ്രതലങ്ങളുടെ പരപ്പളവിനെ ആശ്രയിക്കുന്നു.

iv. ഗതികഘർഷണവും സ്ഥിതഘർഷണവും സമ്പർക്കത്തിലുള്ള പ്രതലങ്ങളുടെ പരപ്പളവിനെ ആശ്രയിക്കുന്നില്ല.

A) (iv) B) (ii) C) (i) D) (iii)

39. ഗുരുത്വത്വരണത്തെക്കുറിച്ചുള്ള ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.

i. ഗുരുത്വത്വരണം ഉയരം കൂടുന്നതിനനുസരിച്ച് കൂടുന്നു.

ii. ഗുരുത്വത്വരണം ഉയരം കൂടുന്നതിനനുസരിച്ച് കുറയുന്നു.

iii. ഗുരുത്വത്വരണം ആഴം കൂടുന്നതിനനുസരിച്ച് കൂടുന്നു.

iv. ഗുരുത്വത്വരണം ആഴം കൂടുന്നതിനനുസരിച്ച് കുറയുന്നു.

A) (i, iv) B) (ii, iii) C) (ii, iv) D) (i, iii)

40. പ്രകാശ വൈദ്യുത പ്രഭാവവുമായി ചേരാത്ത പ്രസ്താവന കണ്ടെത്തുക.

i. ലോഹോപരിതലത്തിൽ പതിക്കുന്ന ഫോട്ടോണുകളുടെ ഊർജ്ജം തരംഗ ദൈർഘ്യത്തിന് വിപരീതാനുപാതത്തിലായിരിക്കും.

ii. ലോഹോപരിതലത്തിൽ പതിക്കുന്ന പ്രകാശത്തിന്റെ തീവ്രത ഫോട്ടോണുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു.

iii. പ്രകാശ വൈദ്യുതപ്രവാഹം പ്രകാശ തീവ്രതയ്ക്ക് നേർ അനുപാതത്തിലായിരിക്കും.

iv. ഫോട്ടോ ഇലക്ട്രോണുകളുടെ ഗതികോർജ്ജം പ്രകാശ തീവ്രതയ്ക്ക് വിപരീതാനുപാതത്തിലായിരിക്കും.

A) (ii) B) (i)

C) (iv) D) (iii)

41. 2022-ൽ ഊർജ്ജതന്ത്രത്തിൽ നോബേൽ പ്രൈസ് നേടിയത് ഏതു ഊർജ്ജതന്ത്ര ഗവേഷണത്തിനായിരുന്നു ?

A) ക്വാണ്ടം മെക്കാനിക്സ്
B) ഒപ്റ്റിക്സ്
C) സെമി കണ്ടക്ടേഴ്സ്
D) സൂപ്പർ കണ്ടക്റ്റിവിറ്റി

42. 'ശ്മശാനങ്ങളിലെ പ്രേതബാധ' എന്ന് തെറ്റിദ്ധരിക്കാൻ ഇടയുള്ളത് ഏത് മൂലകത്തിന്റെ രൂപാന്തരത്തിന്റെ ഇരുട്ടിലുള്ള തിളക്കം മൂലമാണ് ?

A) കാർബൺ
B) ഫോസ്ഫറസ്
C) സൾഫർ
D) ക്ലോറിൻ

43. ലൂയിസ് സിദ്ധാന്തപ്രകാരം ആസിഡ് ആയിട്ടുള്ളത്

A) $H_2SO_4$
B) $NH_3$
C) $H_2O$
D) $BF_3$

44. ഫോസിൽ ഇന്ധനങ്ങൾക്ക് പകരമായി സമീപകാലങ്ങളിലുപയോഗിക്കുന്ന ബയോ ഇന്ധനങ്ങളിൽ കൂടുതലായി അടങ്ങിയിരിക്കുന്നത്

A) മെഥനോൾ
B) എഥനോൾ
C) പ്രൊപ്പനോൾ
D) ബ്യൂട്ടെയ്ൻ

45. ആധുനിക സിദ്ധാന്തമനുസരിച്ച് ന്യൂക്ലിയസിന് ചുറ്റും ഇലക്ട്രോണുകളെ കണ്ടെത്താൻ കൂടുതൽ സാധ്യതയുള്ള മേഖലകളെ അറിയപ്പെടുന്നത്

A) ഓർബിറ്റ്
B) ഓർബിറ്റൽ
C) ക്വാണ്ടം
D) ഐസോബാർ

46. ചുവടെ തന്നിരിക്കുന്ന കവികളിൽ ജ്ഞാനപീഠപുരസ്കാരം നേടിയവർ ആരെല്ലാം ?

1. ജി. ശങ്കരക്കുറുപ്പ്
2. വൈലോപ്പിള്ളി ശ്രീധരമേനോൻ
3. ഒ. എൻ. വി. കുറുപ്പ്
4. അക്കിത്തം അച്യുതൻ നമ്പൂതിരി

A) 1, 2, 3 ഇവ ശരി
B) 2, 3, 4 ഇവ ശരി
C) 1, 3, 4 ഇവ ശരി
D) 1, 2, 4 ഇവ ശരി

47. 'ജാതിചോദിക്കുന്നില്ല ഞാൻ സോദരീ –
ചോദിക്കുന്നൂ നീർ
നാവുവരണ്ടഹോ ഭീതിവേണ്ട തരികതെനിക്കു നീ'
എന്നിപ്രകാരം ദാഹജലം ചോദിച്ചത്

A) ദിവാകരൻ നളിനിയോട്
B) ആനന്ദൻ മാതംഗിയോട്
C) മദനൻ ലീലയോട്
D) ചാത്തൻ സാവിത്രിയോട്

48. മലയാള ചെറുകഥകളും അവയുടെ ചലച്ചിത്രാവിഷ്കാരവും ആണ് ചുവടെ ചേർത്തിരിക്കുന്നത്. ശരിയായവ കണ്ടെത്തുക.

1. പള്ളിവാളും കാൽച്ചിലമ്പും – നിർമ്മാല്യം
2. ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും – വിധേയൻ
3. നീലവെളിച്ചം – ഭാർഗ്ഗവീ നിലയം
4. വിവാഹം – പരിണയം

A) 1, 2, 3 ഇവ ശരിയാണ്
B) 2, 3, 4 ഇവ ശരിയാണ്
C) 1, 3, 4 ഇവ ശരിയാണ്
D) 1, 2, 4 ഇവ ശരിയാണ്

49. സൈബർ ലോകം പ്രമേയമാക്കി 'നൃത്തം' എന്ന നോവൽ രചിച്ചത്

A) സി. രാധാകൃഷ്ണൻ
B) സാറാ തോമസ്
C) എം. മുകുന്ദൻ
D) പി. വത്സല

50. മലയാള സാഹിത്യകാരനും ഗവേഷകനുമായ വെള്ളായണി അർജ്ജുനനെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏവ ?

1. സർവ്വവിജ്ഞാന കോശം ഡയറക്ടർ
2. 2008-ൽ പത്മഭൂഷൺ പുരസ്കാരം നേടി
3. മൂന്ന് ഡി-ലിറ്റ് ബിരുദങ്ങൾ നേടിയ ആദ്യ ദക്ഷിണേന്ത്യക്കാരൻ
4. സാക്ഷരതാമിഷൻ ഡയറക്ടർ

A) 1, 2, 3 ശരിയാണ്
B) 2, 3, 4 ശരിയാണ്
C) 1, 3, 4 ശരിയാണ്
D) 1, 2, 4 ശരിയാണ്

51. $\frac{3}{12}$ നോട് എത്ര കൂട്ടിയാൽ 1 കിട്ടും ?

A) $\frac{12}{3}$

B) $\frac{3}{4}$

C) $\frac{12}{12}$

D) $\frac{7}{12}$

52. 630 മീറ്റർ നീളമുള്ള ഒരു ട്രെയിൻ 9 മണിക്കൂർ കൊണ്ട് 810 കിലോമീറ്റർ ഓടുന്നുവെങ്കിൽ തീവണ്ടിയുടെ ശരാശരി വേഗത എത്ര ?

A) മണിക്കൂറിൽ 90 കിലോമീറ്റർ

B) മണിക്കൂറിൽ 80 കിലോമീറ്റർ

C) മണിക്കൂറിൽ 70 കിലോമീറ്റർ

D) മണിക്കൂറിൽ 160 കിലോമീറ്റർ

53. ഒരാൾ 13 മീറ്റർ കിഴക്കോട്ട് നടന്നതിനു ശേഷം ഇടത്തോട്ട് തിരിഞ്ഞ് 11 മീറ്റർ നടന്നു. വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 5 മീറ്റർ നടന്നു. വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 5 മീറ്റർ നടന്നു. എങ്കിൽ നടക്കാൻ തുടങ്ങിയ സ്ഥലത്ത് നിന്ന് ഇപ്പോൾ നിൽക്കുന്ന സ്ഥലവുമായുള്ള അകലം എത്ര ?

A) 10

B) 20

C) 30

D) 40

54. ഒരു ഭിന്നസംഖ്യയുടെ $\frac{1}{8}$ ഭാഗം 4 ആയാൽ ഭിന്നസംഖ്യ ഏത് ?

A) $\frac{4}{8}$

B) $\frac{8}{4}$

C) $\frac{4}{12}$

D) 32

55. ഒരു തോട്ടത്തിൽ 3249 തെങ്ങുകൾ ഒരേ അകലത്തിൽ നിരയായും വരിയായും നട്ടിരിക്കുന്നു. നിരയുടെ എണ്ണവും വരിയുടെ എണ്ണവും തുല്യമാണ്. എങ്കിൽ ഒരു വരിയിൽ എത്ര തെങ്ങുകൾ ഉണ്ട് ?

A) 43

B) 53

C) 57

D) 63

56. ഒരു സംഖ്യയുടെ നാലു മടങ്ങും ആറു മടങ്ങും കൂട്ടിയപ്പോൾ 100 കിട്ടി. എങ്കിൽ സംഖ്യയുടെ 3 മടങ്ങ് എത്ര ?

A) 40 B) 600

C) 30 D) 60

57. ആഗസ്റ്റ് 1 ചൊവ്വാഴ്ചയാണെങ്കിൽ നവംബർ 30 ഏത് ദിവസമായിരിക്കും ?

A) ചൊവ്വ B) തിങ്കൾ

C) ശനി D) വ്യാഴം

58. 587 രൂപ സാധാരണ പലിശ കണക്കാക്കുന്ന ബാങ്കിൽ നിക്ഷേപിച്ചു. അഞ്ചുവർഷം പൂർത്തിയായപ്പോൾ പലിശയും മുതലും തുല്യമായി. എങ്കിൽ 100 രൂപ ഒരു വർഷത്തേക്ക് നിക്ഷേപിച്ചാൽ ലഭിക്കുന്ന പലിശ എത്ര ?

A) 100 B) 50

C) 20 D) 35

59. 126 പെൺകുട്ടികൾ പഠിക്കുന്ന സ്കൂളിൽ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും എണ്ണങ്ങൾ തമ്മിലുള്ള അംശബന്ധം 3 : 5 ആണ്. ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണത്തേക്കാൾ എത്ര കൂടുതലാണ് ?

A) 100 B) 84

C) 210 D) 336

60. $\frac{75^3 - 25^3}{75^2 + 75 \times 25 + 25^2} =$

A) 200 B) 100

C) 75 D) 50

61. "Where did you go yesterday ?" the policeman told the boy.
(Choose the correct sentence in reported speech)
A) The policeman told the boy where did he go yesterday
B) The policeman asked the boy where he went the previous day
C) The policeman asked the boy where he had gone the previous day
D) The policeman told the boy where he went the day before

62. The athlete ______________ on the ground and cried for help.
A) lay B) lied C) laid D) had lied

63. Find the wrongly spelt word.
A) chauffeur B) camouflage
C) declaration D) onomatopoea

64. The idiom "On the trot" means
A) full of excitement B) consecutively
C) too much worried D) likely to happen soon

65. The word Catoptrophobia means
A) the fear of mirrors B) the fear of thunder
C) the fear of hair D) the fear of cats

66. Balu's written the book, ___________
A) isn't he ? B) hasn't he ? C) doesn't he ? D) didn't he ?

67. The meaning of the phrase "CARTE BLANCHE" is
A) for the time being
B) with necessary changes
C) a person or thing that one dislikes
D) the complete freedom to act as one thinks best

68. The antonym of the word "REDUNDANT" is
A) excessive B) dignified C) necessary D) apologetic

69. Choose the correct sentence.
A) I had left home before he came B) I left home before he came
C) I have left home at 7 in the morning D) I have left home before he came

70. The officer went _____________ the report many times and approved it.
A) up B) over C) on D) off

71. ശരിയായ പദപ്രയോഗം കണ്ടെത്തുക.

A) സ്വാതിഷ്ഠം

B) സ്വാതിഷ്ടം

C) സ്വാദിഷ്ഠം

D) സ്വാദിഷ്ടം

72. ശരിയായ ഭാഷാപ്രയോഗം തെരഞ്ഞെടുത്തെഴുതുക.

A) വേറെ ഗത്യന്തരമില്ലാഞ്ഞിട്ടല്ലേ അവൻ അവിടെ പഠിക്കാൻ ചേർന്നത്.

B) എന്റെ കൂടെ ജോലി ചെയ്യുന്ന ഒരു സഹപ്രവർത്തകനെ യാത്രാമദ്ധ്യേ കണ്ടുമുട്ടി.

C) ഗർഭിണികൾക്ക് വേണ്ടത്ര തോതിൽ പോഷകാഹാരം ലഭിച്ചിരിക്കണം.

D) ഏതെങ്കിലും വിദ്യാർത്ഥി സംഘടനയ്ക്ക് ഈ തീരുമാനം സ്വീകാര്യമായിരിക്കുമെന്ന് തോന്നുന്നില്ല.

73. 'സിംഹഭാഗം' എന്ന ശൈലിയുടെ അർത്ഥം

A) ചെറിയ ഭാഗം

B) വലിയ ഭാഗം

C) സിംഹത്തിന്റെ ഭാഗം

D) സിംഹത്തിന്റെ കരുത്ത്

74. 'അച്ഛൻ' എന്ന വാക്കിന് പര്യായമായി വരുന്ന പദമേത് ?

A) മനുജൻ

B) നൃപൻ

C) ജനനി

D) ജനകൻ

75. 'സ്മരിക്കുക' എന്ന പദത്തിന്റെ വിപരീതപദം കണ്ടെത്തുക.

A) വിസ്മരിക്കുക

B) അനുസ്മരിക്കുക

C) ഓർമിക്കുക

D) നിരാകരിക്കുക

76. വെഞ്ചാമരം എന്ന പദം പിരിച്ചെഴുതിയാൽ

A) വെഞ്ഞ് + ചാമരം

B) വെഞ് + ചാമരം

C) വെൺ + ചാമരം

D) വെഞ്ച് + ചാമരം

77. വിദ്വാൻ എന്ന പദത്തിന്റെ സ്ത്രീലിംഗ രൂപമാണ്

A) ഋഷി

B) വിദുഷി

C) കേമൻ

D) ശാന്തൻ

78. താഴെപ്പറയുന്നവയിൽ ബഹുവചനമല്ലാത്തത് ഏത് ?

A) ഭാഗവതർ

B) മർത്യർ

C) സമർത്ഥർ

D) ആസ്വാദകർ

79. 'Practice makes a man perfect' എന്നതിന്റെ ഉചിതമായ മലയാള ശൈലി കണ്ടെത്തുക.

A) വിതച്ചതേ കൊയ്യൂ

B) നനഞ്ഞിടം കുഴിക്കുക

C) നിത്യാഭ്യാസി ആനയെ എടുക്കും

D) ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം

80. ക്ഷോഭിച്ചവൻ എന്നർത്ഥം വരുന്ന പദമേത് ?

A) ക്ഷോഭി

B) ക്ഷുഭി

C) ക്ഷിപ്രകോപി

D) ക്ഷുഭിതൻ

81. താഴെപ്പറയുന്ന വസ്തുക്കളിൽ ഉത്പതനത്തിന് ഉദാഹരണമാകാവുന്ന വസ്തുവേത് ?

i. ഗ്രാമ്പൂ

ii. കർപ്പൂരം

iii. ചന്ദനം

iv. മെഴുക്

A) ii & iii

B) ii മാത്രം

C) ഇവയെല്ലാം

D) ഇവയൊന്നുമല്ല

82. എൽ. പി. ജി. യുടെ ലോവർ എക്സ്പ്ലോസീവ് ലിമിറ്റ് എത്ര ?

A) 10%

B) 2%

C) 28%

D) 40%

83. എൽ. പി. ജി. ലീക്ക് തിരിച്ചറിയുന്നതിനായി ഗന്ധം നൽകുന്നതിന് എൽ. പി. ജി. യിൽ ചേർക്കുന്ന രാസവസ്തു ഏത് ?

A) ഈഥൈൽ മെർക്യാപ്റ്റൻ

B) സോഡിയം ബൈ കാർബണേറ്റ്

C) മീതൈൽ ഓറഞ്ച്

D) സോഡിയം ക്ലോറൈഡ്

84. BLEVE എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

A) ബോയിലിംഗ് ലിക്വിഡ് എമിറ്റിംഗ് വേപ്പർ എക്സ്പ്ലോഷൻ

B) ബോയിലിംഗ് ലിക്വിഡ് എക്സ്പ്ലോഡിംഗ് വേപ്പർ എമിഷൻ

C) ബോയിലിംഗ് ലിക്വിഡ് എക്സ്പാന്റിംഗ് വേപ്പർ എക്സ്പ്ലോഷൻ

D) ബോയിലിംഗ് ലിക്വിഡ് എക്സ്പ്ലോഡിംഗ് വേപ്പർ എക്സ്പ്ലോഷൻ

85. ഹൈഡ്രോളിക് ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിന് പിന്നിലെ പ്രവർത്തന തത്ത്വം താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ന്യൂട്ടന്റെ നിയമങ്ങൾ

B) ഓം നിയമം

C) ചാൾസ് നിയമം

D) പാസ്കലിന്റെ നിയമം

86. ഹാനികരമായ വസ്തുക്കളുടെ ട്രാൻസ്പോർട്ടേഷനുവേണ്ടി ഉപയോഗിക്കുന്ന വാഹനങ്ങളിൽ അപകടമുണ്ടായാൽ ഉപയോഗിക്കുന്നതിനായി ട്രാൻസ്പോർട്ട് ചെയ്യുന്ന വസ്തുവിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്ന രേഖയാണ്

A) TREM കാർഡ്
B) ITEM കാർഡ്
C) DATA കാർഡ്
D) TRAVEL കാർഡ്

87. ജലത്തിന്റെ ബാഷ്പീകരണ ലീനതാപം എത്ര ?

A) 450 Kcal/Kg
B) 4200 J/Kg per °C
C) 540 Kcal/Kg
D) 2400 J/Kg per °C

88. ഡിസ്ചാർജ്ജ് ഹോൺ ഏതുതരം ഫയർ എക്സ്റ്റിംഗ്യൂഷറിന്റെ ഭാഗമാണ് ?

i. ഡി. സി. പി. എക്സ്റ്റിംഗ്യൂഷർ
ii. കാർബൺ ഡൈ ഓക്സൈഡ് എക്സ്റ്റിംഗ്യൂഷർ
iii. ഫോം എക്സ്റ്റിംഗ്യൂഷർ
iv. വാട്ടർ ടൈപ്പ് എക്സ്റ്റിംഗ്യൂഷർ

A) ii മാത്രം
B) iv മാത്രം
C) i & iii മാത്രം
D) ഇവയെല്ലാം

89. മണ്ണെണ്ണയുടെ ഫ്ലാഷ് പോയിന്റ് എത്ര ?

A) '–43' ഡിഗ്രി സെൽഷ്യസ്
B) '–38' ഡിഗ്രി സെൽഷ്യസ്
C) '13' ഡിഗ്രി സെൽഷ്യസ്
D) '38' ഡിഗ്രി സെൽഷ്യസ്

90. രക്തം കട്ടപിടിക്കുന്നതിന് സഹായിക്കുന്ന വിറ്റാമിൻ ഏത് ?

A) വിറ്റാമിൻ A
B) വിറ്റാമിൻ C
C) വിറ്റാമിൻ K
D) വിറ്റാമിൻ E

91. പ്രഥമ ശുശ്രൂഷയിൽ സി. പി. ആർ. എന്നത് എന്തിനെ സൂചിപ്പിക്കുന്നു ?

A) ക്ലാസിക് പൾമൊണറി റെസ്ക്യൂ

B) കാർഡിയോ പൾമൊണറി റെസസിറ്റേഷൻ

C) സെൻട്രൽ പ്രഷർ റിലീഫ്

D) സെർവിക്കൽ പ്രഷർ റിലീസ്

92. താഴെപ്പറയുന്നവയിൽ എമർജൻസി ഹോർമോൺ ഏത് ?

A) അഡ്രിനാലിൻ

B) തൈറോക്സിൻ

C) ഇൻസുലിൻ

D) ടി. എസ്. എച്ച്.

93. രക്തത്തിലെ ഓക്സിജൻ വാഹകർ താഴെപ്പറയുന്നതിൽ ഏതാണ് ?

A) പ്ലേറ്റ്ലറ്റുകൾ

B) ത്രോംബിൻ

C) ഹീമോഗ്ലോബിൻ

D) ഇതൊന്നുമല്ല

94. വലിയ അളവിലുള്ള രക്തസ്രാവം നിയന്ത്രിക്കുന്നതിന് പ്രഥമ ശുശ്രൂഷാ സമയത്ത് സ്വീകരിക്കാവുന്ന രീതി ഏത് ?

A) ആന്റി സെപ്റ്റിക് ലോഷൻ പുരട്ടുക

B) ബന്ധപ്പെട്ട പ്രഷർപോയിന്റുകളിൽ തുടർച്ചയായി മർദ്ദം ചെലുത്തുക

C) മുറിവ് കഴുകി വൃത്തിയാക്കി മുറിവ് ഭാഗം തുണി ഉപയോഗിച്ച് പൊതിയുക

D) ഇതൊന്നുമല്ല

95. താഴെപ്പറയുന്നവയിൽ ശ്വസിച്ചാൽ ഏറ്റവും അപകടകരമായത് ഏത് ?

A) നൈട്രജൻ

B) ഓക്സിജൻ

C) കാർബൺഡൈ ഓക്സൈഡ്

D) കാർബൺ മോണോക്സൈഡ്

96. പ്രഥമ ശുശ്രൂഷയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നതിൽ ശരിയല്ലാത്തത് ഏതാണ് ?

i. പൊള്ളലേറ്റ ഭാഗത്തുണ്ടാകുന്ന കുമിളകൾ പൊട്ടിക്കരുത്.

ii. പൊള്ളലേറ്റ ഭാഗത്ത് വസ്ത്രം ഉരുകിപ്പിടിച്ചിട്ടുണ്ടെങ്കിൽ അത് നീക്കം ചെയ്യരുത്.

iii. പൊള്ളലേറ്റ ഭാഗം ലഭ്യമായ തുണി ഉപയോഗിച്ച് കെട്ടി വയ്ക്കണം.

A) i

B) iii

C) ii

D) ii, iii എന്നിവ

97. താഴെപ്പറയുന്നതിൽ പ്രഥമ ശുശ്രൂഷകൻ ചെയ്യരുതാത്തത് ഏതാണ് ?

i. പ്രഥമശുശ്രൂഷയുടെ മുൻഗണന നിശ്ചയിക്കണം.

ii. സ്വന്തം സുരക്ഷ ഉറപ്പുവരുത്തണം.

iii. അടിയന്തര വൈദ്യസഹായം ലഭ്യമാക്കണം.

iv. അറിയാവുന്ന ചികിത്സ നൽകണം.

A) iv
B) ii
C) iii
D) i, ii എന്നിവ

98. അസ്ഥിഭംഗത്തോടൊപ്പം അസ്ഥി മാംസപേശികളും ത്വക്കും ഭേദിച്ച് പുറത്തു വരുന്നത്

A) ലഘുഭംഗം
B) സങ്കീർണ്ണഭംഗം
C) കഠിനഭംഗം
D) വിഷമഭംഗം

99. ഐ.ടി. നിയമത്തിലെ ഏത് വകുപ്പാണ് സൈബർ ഭീകരതയെ കുറിച്ച് പ്രതിപാദിക്കുന്നത് ?

A) വകുപ്പ് 66B
B) വകുപ്പ് 66C
C) വകുപ്പ് 66F
D) വകുപ്പ് 66A

100. കമ്പ്യൂട്ടർ ഉറവിടങ്ങൾ ഉപയോഗിച്ച് ആൾമാറാട്ടം നടത്തി വഞ്ചിക്കുന്നതിനുള്ള ശിക്ഷയെക്കുറിച്ച് ഐ.ടി. ആക്ട് 2000-ലെ ഏത് വകുപ്പാണ് കൈകാര്യം ചെയ്യുന്നത് ?

A) വകുപ്പ് 66D
B) വകുപ്പ് 66C
C) വകുപ്പ് 66B
D) വകുപ്പ് 66F

## Space for Rough Work

FINAL ANSWER KEY

Question Paper Code: 244/2023

FIRE AND RESCUE OFFICER (Trainee) - FIRE AND RESCUE SERVICES

Medium of Question: ENGLISH, MALAYALAM

Date of Test: 23/12/2023

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | C | B | B |
| 2 | B | D | D | C |
| 3 | D | B | C | C |
| 4 | B | D | B | D |
| 5 | D | B | C | B |
| 6 | C | C | D | D |
| 7 | B | B | A | C |
| 8 | X | D | C | B |
| 9 | C | A | B | D |
| 10 | A | C | X | B |
| 11 | D | X | B | A |
| 12 | B | B | D | X |
| 13 | C | C | B | A |
| 14 | C | A | D | C |
| 15 | D | B | C | C |
| 16 | B | D | C | C |
| 17 | A | C | C | B |
| 18 | C | C | A | D |
| 19 | D | D | A | C |
| 20 | A | A | D | C |
| 21 | C | B | C | A |
| 22 | C | A | D | D |
| 23 | D | D | B | A |
| 24 | B | C | D | A |
| 25 | D | D | A | D |
| 26 | C | B | C | D |
| 27 | D | D | A | B |
| 28 | A | C | D | C |
| 29 | B | C | D | D |
| 30 | A | A | C | B |
| 31 | D | D | B | D |
| 32 | A | A | B | D |
| 33 | B | D | D | A |
| 34 | D | B | A | D |
| 35 | B | D | B | A |
| 36 | D | B | A | B |
| 37 | A | A | D | B |
| 38 | A | A | C | C |
| 39 | C | C | A | A |
| 40 | C | C | A | A |
| 41 | A | A | C | C |
| 42 | B | B | D | B |
| 43 | D | B | B | B |
| 44 | B | D | B | B |
| 45 | B | B | B | D |
| 46 | C | C | A | C |
| 47 | B | A | C | C |
| 48 | A | C | B | C |
| 49 | C | B | C | A |
| 50 | C | C | C | B |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | B | D | C | A |
| 52 | A | C | C | X |
| 53 | A | C | B | D |
| 54 | X | C | D | C |
| 55 | C | B | A | B |
| 56 | C | D | X | A |
| 57 | D | A | B | B |
| 58 | C | X | A | D |
| 59 | B | B | D | C |
| 60 | D | A | C | C |
| 61 | C | D | A | D |
| 62 | A | C | B | B |
| 63 | D | A | A | D |
| 64 | B | B | B | C |
| 65 | A | A | D | C |
| 66 | B | B | B | A |
| 67 | D | D | C | A |
| 68 | C | B | A | B |
| 69 | A | C | D | A |
| 70 | B | A | C | B |
| 71 | C | B | A | B |
| 72 | D | A | C | D |
| 73 | B | A | C | B |
| 74 | D | C | D | A |
| 75 | A | C | B | C |
| 76 | C | D | D | D |
| 77 | B | B | C | C |
| 78 | A | D | D | D |
| 79 | C | C | B | A |
| 80 | D | D | A | C |
| 81 | B | B | A | B |
| 82 | B | A | C | A |
| 83 | A | D | A | C |
| 84 | C | C | D | B |
| 85 | D | A | C | D |
| 86 | A | B | B | B |
| 87 | C | A | A | B |
| 88 | A | C | D | A |
| 89 | D | B | C | C |
| 90 | C | D | A | D |
| 91 | B | A | B | B |
| 92 | A | C | B | A |
| 93 | C | A | A | D |
| 94 | B | D | C | C |
| 95 | D | C | D | A |
| 96 | B | B | B | A |
| 97 | A | B | A | C |
| 98 | D | A | C | A |
| 99 | C | C | B | D |
| 100 | A | D | D | C |

'X' DENOTES DELETION